# KERALA COUNCIL OF CHURCHES, GULF ZONE


**PATRON**

H.G.DR.GABRIEL MAR GREGORIOUS METROPOLITAN
gabrielmargregorios@gmail.com

**PRESIDENT**

REV. FR.T.J.JOHNSON
ST THOMAS ORTHODOX CATHEDRAL
DUBAI
Tel – 9714 3371122
Mob –971 50 2108180
frtjjohnson@gmail.com

**VICE PRESIDENT**

REV.SACHIN TIMOTHY
971 55 4283244
sachinthimothy@yahoo.com

**SECRETARY**

JOBI JOSHUA
EMIRATES AIRLINES
P.O.BOX.26777.DUBAI
Tel. 0097150 6983405
009714 2614134 ( RES)
009714 7084075 ( Off)
Fax 009714 -2864058
jobi.joshua@emirates.com
Jobi1967@yahoo.com

**JOINT SECRETARY**

CHEV.KUNJUMON PARAKAL
971 50 6460164
kunjumon.parakkal@gmail.com

**TREASURER**

SOLOMON DAVID
P.O.BOX.26015.DUBAI
971 50 6264327
airsuppt@eim.ae


## Press Release

# കെ.സി.സി. ഈസ്റ്റർ സന്ധ്യ 'ബോണ ക്യംതാ' നാളെ

**ദുബായ്:** കേരളത്തിലെ ക്രൈസ്തവ സഭകളുടെ ഐക്യവേദിയായ കേരളകൗൺസിൽ ഓഫ് ചർച്ചസ് (കെ.സി.സി.) ഗൾഫ് സോണിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന എക്യുമിനിക്കൽ വൈദിക സമ്മേളനവും ഈസ്റ്റർ സന്ധ്യയും നാളെ (2-4-2013) വൈകിട്ട് 6 മുതൽ ദുബായ് ജബൽ അലി മാർത്തോമ്മാ പള്ളിയിൽ നടക്കുമെന്ന് കെ.സി.സി. ഗൾഫ് സോൺ പ്രസിഡന്റ് ഫാ. ടി.ജെ. ജോൺസൺ, ജനറൽ സെക്രട്ടറി ജോബി ജോഷ്വാ, ജനറൽ കൺവീനർ ബാബു കുര്യൻ പുളിയേരിൽ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

ഇന്ത്യൻ കോൺസുൽ ഡോ. ടിജു തോമസ്, മലങ്കര ഓർത്തഡോക്സ് സഭാ ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ, നിലയ്ക്കൽ ഭദ്രാസനാധിപൻ ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പൊലീത്താ, യാക്കോബായ സഭാ കോഴിക്കോട് ഭദ്രാസനാധിപൻ പൗലൊസ് മാർ ഐറേനിയോസ് മെത്രാപ്പൊലീത്താ, കണ്ടനാട് ഭദ്രാസനാധിപൻ ഡോ. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പൊലീത്താ, ബാംഗ്ലൂർ എക്യുമിനിക്കൽ ക്രിസ്ത്യൻ സെന്റർ ഡയറക്ടർ വെരി. റവ. ഡോ. ചെറിയാൻ തോമസ് എന്നിവർ മുഖ്യാതിഥികളായിരിക്കും.

യു.എ.ഇയിലെ വിവിധ ദേവാലയങ്ങളിലെ ഗായകസംഘങ്ങൾ ആലപിക്കുന്ന ഈസ്റ്റർ ഗാനശുശ്രൂഷ, ഈസ്റ്റർ സന്ദേശം നൽകുന്ന കലാപരിപാടികൾ എന്നിവയാണ് പ്രധാന പരിപാടികൾ.

വൈകിട്ട് 6ന് എക്യുമിനിക്കൽ വൈദിക സമ്മേളനം ആരംഭിക്കും. കെ.സി.സി. അംഗത്വ സഭകളിലെ അംഗങ്ങളായ ഗൾഫിലെ 50-ഓളം വൈദികർ സമ്മേളനത്തിൽ സംബന്ധിക്കും.

6.30നു യു.എ.ഇയിലെ സണ്ടേസ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന ഈസ്റ്റർ എഗ്ഗ് പെയ്ന്റിംഗ് മത്സരം നടക്കും. ജൂനിയർ, ഇൻർമീഡിയേറ്റ്, സീനിയർ എന്നീ വിഭാഗങ്ങളിൽ പ്രത്യേകമായിരിക്കും മത്സരം. യു.എ.ഇയിൽ ഇദംപ്രഥമമായാണ് ഇത്തരത്തിൽ മത്സരം സംഘടിപ്പിക്കുന്നതെന്ന് ഭാരവാഹികൾ പറഞ്ഞു.

വൈകിട്ട് 7നു ഈസ്റ്റർ സന്ധ്യ 'ബോണാ ക്യംതാ' ആരംഭിക്കും.

യു.എ.ഇയിലെ വിവിധ ദേവാലയങ്ങളിലെ ഗായകസംഘങ്ങൾ ആലപിക്കുന്ന ഗാനശുശ്രൂഷയുണ്ടായിരിക്കും. കെ.സി.സി. ഗൾഫ് സോണിന്റെ ന്യൂസ് ലെറ്റർ 'എക്ലീസിയ'യുടെ പ്രകാശനം ചടങ്ങിൽ നിർവഹിക്കും.

കെ.സി.സി. ഗൾഫ് സോൺ വെബ്സൈറ്റ് www.kccgulfzone.com ഉദ്ഘാടനവും ചടങ്ങിൽ നിർവഹിക്കും.

കെ.സി.സി. ഗൾഫ് സോൺ പ്രസിഡന്റ് ഫാ. ടി.ജെ. ജോൺസൺ, വൈസ് പ്രസിഡന്റ് റവ. സച്ചിൻ തിമൊത്തി, ജനറൽ സെക്രട്ടറി ജോബി ജോഷ്വ, ജോ. സെക്രട്ടറി ഷവലിയാർ കുഞ്ഞുമോൻ പാറയ്ക്കൽ, ട്രഷറർ സോളമൻ ഡേവിഡ്, റവ. ദാനിയേൽ മാമ്മൻ, റവ. ജിജി ജോൺ ജേക്കബ്, ബാബു കുര്യൻ പുളിയേരിൽ (ജനറൽ കൺവീനർ), ചെറിയാൻ കീക്കാട്, ബിജു പാപ്പച്ചൻ, സഖറിയാ ദീത്തോസ്, ബ്ലസൻ ആന്റണി, സാം മെക്കിൾ, ഡയസ് ഇടിക്കുള, തോമസ് പോൾ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ച് വരുന്നു.

കെ.സി.സി. ഗൾഫ് സോൺ ട്രഷറർ സോളമൻ ഡേവിഡ്, ജോയിന്റ് സെക്രട്ടറി ഷെവലിയാർ കുഞ്ഞുമോൻ പാറയ്ക്കൽ, മീഡിയാ കൺവീനർ ബിജു പാപ്പച്ചൻ, മീഡിയാ കോർഡിനേറ്റർ, മീഡിയാ കോർഡിനേറ്റർ പോൾ ജോർജ് പൂവത്തേരിൽ, കാർഗോ കെയർ ഷിപ്പിംഗ് ആൻഡ് ഫോർവേർഡിംഗ് കമ്പനി മാനേജിംഗ് ഡയറക്ടർ സജി തോമസ് ഡാനിയേൽ എന്നിവരും പത്രസമ്മേളനത്തിൽ സംബന്ധിച്ചു.

കൂടുതൽ വിവരങ്ങൾക്ക് 050-6987076, 050-6983405 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക

ദുബായ്
31-03-2012

**'ബോണ ക്യംതാ' – ഹാപ്പി ഈസ്റ്റർ**